പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 4414

26.06.2014-ൽ മറുപടി
നൽകേണ്ടത്

അന്യ ജില്ലകളിൽ ഭൂമി ലഭിച്ചവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.കെ.കെ.നാരായണൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ ഭൂമി അനുവദിക്കപ്പെട്ട കുടുംബങ്ങളിൽ ഭൂമി ഏറ്റെടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015' പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള ഭൂമികൾ ബന്ധപ്പെട്ട കക്ഷികൾ ചട്ടങ്ങൾ പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഏതാനും ഗുണഭോക്താക്കൾ താമസിച്ചു വരുന്ന വില്ലേജിന് അഥവാ താലൂക്കിന് പുറത്ത് പ്രസ്തുത പദ്ധതിയിൽ അനുവദിച്ച ഭൂമി ഏറ്റെടുക്കുന്നതിന് വിമുഖത കാട്ടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഉപയോഗപ്രദമല്ലാത്തതും വിദൂരജില്ലകളിലുമായി ഭൂമി ലഭിച്ചവർ ഭൂമി ഏറ്റെടുക്കുന്നതിന് വിമുഖത കാണിച്ചിട്ടുണ്ടോ? | (ബി) അപേക്ഷകർ താമസിച്ചു വരുന്ന വില്ലേജിലോ അല്ലെങ്കിൽ അതേ ജില്ലയിലെ ഭൂമി ലഭ്യതയുള്ള മറ്റേതെങ്കിലും വില്ലേജിലോ ആണ് പ്രസ്തുത പദ്ധതിയിൽ ഭൂമി അനുവദിച്ചുവരുന്നത്. അപേക്ഷകരുടെ ജില്ലയ്ക്കകത്തുതന്നെ അനുവദിച്ച ഭൂമി ഏറ്റെടുക്കുന്നതിന് ചുരുക്കം ചില ഗുണഭോക്താക്കൾ മുന്നോട്ട് വന്നിട്ടില്ല എന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |

C. L.V. Kumar
സെക്ഷൻ ഓഫീസർ.